**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 333** **18-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ധനകാര്യ മാനേജ്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യവും സംസ്ഥാനവും നേരിട്ട എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് കേരളം സാമ്പത്തിക സുസ്ഥിരത കൈവരിക്കുവാൻ ഇടയായ സാമ്പത്തിക മാനേജ്മെന്റ് വൈദഗ്ധ്യം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തിയത് എന്നീ കാരണങ്ങളാൽ സംസ്ഥാനത്ത് പണഞെരുക്കം അനുഭവപ്പെടുന്നുണ്ട് എന്നതൊരു വസ്തുതയാണ്.<br><br>പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് 3.88% ആയിരുന്ന സംസ്ഥാന വിഹിതം (കേന്ദ്ര നികുതി) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവ് ആയപ്പോഴേക്കും 1.92% എന്ന ചരിത്രത്തിലെ തന്നെ ഏറ്റവും കുറഞ്ഞ ശതമാനത്തിലേക്ക് എത്തിച്ചേർന്നു. ഇതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതവും ഗണ്യമായി കുറഞ്ഞു വരുന്നു. 2021-22 –ൽ ആകെ റവന്യൂ വരുമാനത്തിന്റെ 41% ആയിരുന്ന കേന്ദ്ര ധനകൈമാറ്റം 2024-25 RE പ്രകാരം 25% -ലേക്ക് ചുരുങ്ങുകയുന്ന സ്ഥിതിയാണ്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ 2020-21 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മാത്രം 28,848 കോടി രൂപയുടെ കുറവ് വരുത്തിയിരുന്നു.<br><br>പ്രതിപാദിത പ്രതികൂല സാഹചര്യത്തിൽ നികുതി പിരിവ് ഊർജ്ജിതമാക്കിയും ചെലവുകൾക്ക് |

| | | | |
|---|---|---|---|
| | | | മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും സാമ്പത്തിക സുസ്ഥിരത കൈവരിക്കുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. ഇതിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി ഈ സർക്കാരിന്റെ കാലത്ത് (2021-22 മുതൽ 2024-25 വരെ) നികുതി വരുമാന വളർച്ച 15.8% ആയും നികുതിയേതര വരുമാനത്തിന്റേത് 17.4% ആയും ഉയർത്തുവാൻ സാധിച്ചിട്ടുണ്ട്. നീതി ആയോഗ് പ്രസിദ്ധീകരിച്ച Fiscal Health Index 2025 –ൽ റവന്യൂ സമാഹരണത്തിലെ സംസ്ഥാനത്തിന്റെ നേട്ടത്തെ പ്രകീർത്തിച്ചിട്ടുണ്ട്.<br><br>വരുമാനം ഉയർത്തുന്നതിനോടൊപ്പം സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായി പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി വരുന്നുണ്ട്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ കടബാധ്യത കുറച്ചു കൊണ്ടുവരുന്നതിനും പ്രതിശീർഷ വരുമാനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | കേന്ദ്ര സർക്കാർ നിശ്ചയിച്ചു നൽകുന്ന കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നു മാത്രമേ സംസ്ഥാനങ്ങൾക്ക് വായ്പ എടുക്കുവാൻ സാധിക്കുകയുള്ളൂ. ഇതോടൊപ്പം വിവിധ കാരണങ്ങൾ നിരത്തി സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ് പരിധി പോലും വെട്ടിച്ചുരുക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ കഴിഞ്ഞ കുറച്ച് കാലങ്ങളായി അനുവർത്തിച്ച് പോരുന്നത്.<br><br>മനുഷ്യ വിഭവ ശേഷി വർദ്ധിപ്പിച്ചും പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും വികസനത്തിന്റെ ഗുണഫലങ്ങൾ ഏറ്റവും താഴെത്തട്ടിലുള്ള ജനങ്ങൾക്കും പ്രാപ്യമാക്കുന്ന ബഹുതലസ്പർശിയായ വികസന പന്ഥാവിലൂടെ ഒരു നവകേരളം കെട്ടിപ്പടുക്കുവാനാണ് സംസ്ഥാനം ശ്രമിച്ചുപോരുന്നത്. പശ്ചാത്തല മേഖലയിലെ പോരായ്മ നിമിത്തം മനുഷ്യവിഭവ ശേഷിയെ ആഭ്യന്തര ഉത്പാദനത്തിലേയ്ക്ക് |

പരിവർത്തിപ്പിക്കുവാൻ സാധിക്കാതിരുന്ന സാഹചര്യമുണ്ടായിരുന്നു. കഴിഞ്ഞ സർക്കാർ നടത്തിയ തീവ്ര പ്രയത്നം ടി പ്രശ്നം പരിഹരിക്കുവാൻ സഹായിച്ചിട്ടുണ്ട്.

ദേശീയ പാതകൾ മുതൽ ഗ്രാമീണ പാതകൾ വരെയുള്ള റോഡുശൃംഖല, ഗെയിൽ പൈപ്പ് ലൈൻ, അന്തർസംസ്ഥാന വൈദ്യുതി പ്രസരണ സംവിധാനം, കെ-ഫോൺ ഉൾപ്പെടെയുള്ള വിവര സാങ്കേതിക രംഗത്തെ പശ്ചാത്തല സൗകര്യങ്ങൾ, കൊച്ചി മെട്രോ, വാട്ടർ മെട്രോ, ദേശീയ ജലപാത, വിഴിഞ്ഞം തുറമുഖം, വിമാനത്താവളങ്ങളുടെ വികസനം, കൊച്ചി കപ്പൽശാലയുടെയും തുറമുഖത്തിന്റെയും പുരോഗതി എന്നിവ സംസ്ഥാനം കൈവരിച്ച അടിസ്ഥാന സൗകര്യ മേഖലയിലെ വളർച്ചയുടെ അഭൂതപൂർവ്വമായ അടയാളപ്പെടുത്തലുകളാണ്. ഇതിന്റെ തുടർച്ച സംബന്ധിച്ച് വിശദമായി 2025-26 ബജറ്റിൽ പ്രതിപാദിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ നിക്ഷേപ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ വിവിധ മേഖലകളിൽ നയം രൂപീകരിച്ചിട്ടുണ്ട്. ഇത് നിക്ഷേപകരിൽ ആത്മവിശ്വാസം ജനിപ്പിക്കുന്നതിന് സഹായകമായിട്ടുണ്ട്. 2025 ഫെബ്രുവരിയിൽ കൊച്ചിയിൽ നടന്ന Invest Kerala Global Submit – ൽ വാഗ്ദാനം ലഭിച്ചിട്ടുള്ള നിക്ഷേപങ്ങൾ ഇതിന് അടിവരയിടുന്നു.

നൈപുണ്യ വികസനത്തിലൂടെ വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തിനും അഭിരുചിക്കും അനുയോജ്യമായ തൊഴിൽ ലഭിക്കുവാൻ ആവശ്യമായ നടപടികളാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്.

വിവിധ വികസന പ്രവർത്തികളോടൊപ്പം തന്നെ ക്ഷേമ പ്രവർത്തനങ്ങളും മുന്നോട്ട് കൊണ്ട് പോകുവാനാണ് നിലവിലെ പണഞെരുക്കത്തിനിടയിലും സർക്കാർ ശ്രമിച്ചുപോരുന്നത്. ഇതിൽ എടുത്ത് പറയേണ്ടതാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം. ഈ സർക്കാർ 5 വർഷം പൂർത്തിയാക്കുമ്പോൾ ചുരുങ്ങിയത് 50,000 കോടി രൂപയിലധികം തുക ഈ ഇനത്തിൽ വിതരണം ചെയ്യുവാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ